# പൾസ് പോളിയോ യജ്ഞം ദയനീയ പരാജയത്തിലേക്ക്

മീഡിയാമേറ്റ് ന്യൂസ് സർവ്വീസ്

പോളിയോ നിർമ്മാർജ്ജന യജ്ഞം എന്ന പേരിൽ തുടർച്ചയായി നാലുമാസങ്ങൾ കുട്ടികൾക്ക് അധിക ഡോസ് പോളിയോ വാക്സിൻ നൽകുന്ന പദ്ധതി കേരളത്തിൽ അപ്രതീക്ഷിതമായ പരാജയത്തിലേക്ക് നീങ്ങുകയാണെന്ന് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു.

അഞ്ചുവയസിനു താഴെയുള്ള എല്ലാ കുട്ടികൾക്കും ഒരു മാസം ഇടവിട്ട് നാല് അധിക ഡോസ് വാക്സിൻ നൽകി കേരളത്തെ പോളിയോ മുക്തമായി പ്രഖ്യാപിക്കുക എന്ന ലക്ഷ്യം സർക്കാരിന് നേടാനാവില്ലെന്നു വ്യക്തമായിക്കഴിഞ്ഞു.

ഒക്ടോബറിൽ ആദ്യ ഗഡു പൾസ് പോളിയോ നൽകിയപ്പോൾ ഏകദേശം തൊണ്ണൂറു ശതമാനം കുട്ടികൾക്കും വാക്സിൻ കൊടുക്കാനായി. പക്ഷേ, രണ്ടാം ഗഡുവും മൂന്നാം ഗഡുവും ആയപ്പോഴേക്കും രക്ഷാകർത്താക്കൾ വ്യാപകമായി പൾസ് പോളിയോ യജ്ഞം ബഹിഷ്കരിക്കാൻ തുടങ്ങി സംഘാടകരെ വിഷമത്തിലാക്കിയിരിക്കയാണ്.

കഴിഞ്ഞ നാലഞ്ചു വർഷമായി തുടർന്നുവരുന്ന ഈ പൾസ് പോളിയോ അധികഡോസ് പ്രയോഗം കുട്ടികൾക്ക് ദോഷകരമാണെന്ന് ആദ്യം മനസിലാക്കിയതും പ്രചരിപ്പിച്ചതും കേരളത്തിലെ പ്രകൃതിചികിത്സകരും പ്രകൃതി ജീവനക്കാരും ആണ്. ജനസമൂഹത്തെ വ്യാപകമായി സ്വാധീനിക്കാൻ കഴിഞ്ഞില്ലയെങ്കിലും സംശയത്തിന്റെ അന്തരീക്ഷമുണ്ടാക്കാൻ അവർക്ക് കഴിഞ്ഞിരുന്നു.

ആദ്യഘട്ടങ്ങളിൽ പൾസ് പോളിയോയുടെ പ്രചാരകരായിരുന്ന ഡോക്ടർമാർ, പൾസ് പോളിയോ അപകടകരമാണെന്ന് തുറന്നുപറഞ്ഞ് രംഗത്തുവന്നതാണ് രക്ഷാകർത്താക്കളെ ഒരു വീണ്ടുവിചാരത്തിന് ശക്തിയായി പ്രേരിപ്പിച്ച ഘടകം.

ഡിസംബർ 13ന് മൂന്നാം ഗഡു പോളിയോ തുള്ളിമരുന്ന് സ്വീകരിക്കാൻ വരേണ്ടിയിരുന്ന കുട്ടികളിൽ മൂന്നിലൊന്ന് പങ്കും ക്യാമ്പുകളിലെത്തിയിട്ടില്ലെന്നതാണ് വാസ്തവം. പക്ഷേ, മിക്ക ക്യാമ്പുകളിലും മരുന്നു സ്വീകരിക്കാത്ത കുഞ്ഞുങ്ങളുടെ പേരും മരുന്നു സ്വീകരിച്ച കുട്ടികളുടെ ലിസ്റ്റിൽ ചേർത്ത് അധികാരികൾക്ക് അയയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട്, ജില്ലാതല സ്ഥാനങ്ങളിൽ പുറത്തുവിടുന്ന കണക്കുകൾക്ക് യാഥാർത്ഥ്യവുമായി വലിയ ബന്ധമൊന്നുമില്ല. ഒരുപക്ഷേ, ആ കണക്കുകളെ ആധാരമാക്കി, കേരളത്തെ പോളിയോ മുക്തമാക്കി എന്ന പ്രഖ്യാപനം നടത്താനും അധികാരികൾ തയ്യാറായെന്നു വന്നേക്കാം.